ക്യാൻസർ ചികിത്സ

51 (758) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ക്യാൻസറിന് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങളും ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ക്യാൻസർ രോഗത്തിന് സർക്കാർ മേഖലയിൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ ക്യാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദ രോഗികൾക്ക് അവരുടെ ജില്ലയിൽതന്നെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു. ആരോഗ്യ വകുപ്പിൽ ക്യാൻസർ രോഗ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സി.-യിൽവച്ച് വിദഗ്ദ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ നൂതന പദ്ധതിയായ സുകൃതം നിലവിൽ വരുന്നതോടെ റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ജനറൽ ഹോസ്പിറ്റൽ എറണാകുളം എന്നീ ആശുപത്രികളിൽ ദാരിദ്ര്യ മേഖലയ്ക്ക് താഴെയുള്ള എല്ലാ ക്യാൻസർ രോഗികൾക്കും ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly